പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4984

04.07.2012- ൽ മറുപടിക്ക്

## 'ഹഡ്കോയിൽ' നിന്നുള്ള വായ്പ പുന:സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ്: | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ 'ഹഡ്കോ'യിൽ നിന്നുള്ള വായ്പ പുന:സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹഡ്കോ വായ്പാ തിരിച്ചടവിൽ ഹൗസിംഗ് ബോർഡ് വീഴ്ച വരുത്തിയതിനെ തുടർന്ന് ഹഡ്കോ വായ്പാ സഹായം പുന:സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ല.<br>ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബോർഡിന്റെ ഹഡ്കോ കടബാദ്ധ്യത 730.67 കോടി രൂപ ആയിരുന്നു. ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ പുന:സംഘടിപ്പിക്കുന്നതിനും കടബാദ്ധ്യതകൾ തീർത്ത് ഹഡ്കോ വായ്പാ വിതരണം പുന:സ്ഥാപിക്കുന്നതിനും വേണ്ടി 22.10.2011-ൽ കേരള സർക്കാരും, ഹഡ്കോയും, ഭവന നിർമ്മാണ ബോർഡും തമ്മിൽ ന്യൂഡൽഹിയിൽ വച്ച് ഔപചാരിക ചർച്ചകൾ നടത്തുകയുണ്ടായി. ഈ ധാരണയുടെ അടിസ്ഥാനത്തിൽ 295.38 കോടി രൂപ 2011-12-ൽ ഹഡ്കോയ്ക്ക് നൽകുകയുണ്ടായി. ഹഡ്കോയ്ക്കുള്ള കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായുള്ള ധാരണ പ്രകാരം 31.03.2012-ലെ കണക്കനുസരിച്ച് ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കാൻ ബാക്കിയുള്ള 491.11 കോടി രൂപ 2012-13, 2013-14 എന്നീ രണ്ട് വർഷങ്ങളിൽ 8 ത്രൈമാസ തവണകളായി 61.388 കോടി രൂപ വീതം അടച്ചു തീർക്കേണ്ടതാണ്. 02.07.2012-ലെ സ.ഉ.(എം.എസ്) നം. 56/12/ഭവനം നമ്പർ ഉത്തരവു |

പ്രകാരം ഈ വർഷത്തെ ആദ്യ ഗഡുവായ 61.388 കോടി രൂപ 2012 ജൂൺ മാസം അവസാനിക്കുന്ന ത്രൈമാസത്തിൽ ഹഡ്കോയ്ക്ക് അടയ്ക്കുന്നതിനായി ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭൂരഹിതരും, ഭവനരഹിതരുമായ ദുർബ്ബല വിഭാഗക്കാർക്ക് 2.5 ലക്ഷം രൂപ നിർമ്മാണ ചെലവ് വരുന്ന ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്ന സാഫല്യം ഭവന പദ്ധതിയ്ക്ക്വേണ്ടി വായ്പ സമാഹരിക്കുന്നതിന് ഹൗസിംഗ് ബോർഡ് ഹഡ്കോയ്ക്ക് 2.40 കോടി രൂപയുടെ വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ഇത് ഹഡ്കോയുടെ പരിഗണനയിലുമാണ്. ഇതിനിടെ ഫ്ളാറ്റിന്റെ പ്ലിന്ത് ഏരിയ 195 ച.അടി വർദ്ധിപ്പിച്ച് 270 ച.അടി ആയി മാറ്റുന്നതിനും നിർമ്മാണ ചെലവ് 2.5 ലക്ഷം രൂപയിൽ നിന്നും 3.5 ലക്ഷം രൂപയായി നിജപ്പെടുത്തുന്നതിനും സർക്കാർ സബ്സിഡി 1 ലക്ഷം രൂപയ്ക്ക് പകരം 2 ലക്ഷം രൂപയായി ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഹഡ്കോയ്ക്ക് നല്കിയ വായ്പാ അപേക്ഷ ഭേദഗതി ചെയ്ത് നൽകേണ്ടതുണ്ട്.

| | | | |
|---|---|---|---|
| ബി | ഭൂമിയുള്ളതും ഭവനരഹിതരുമായ ആളുകൾക്ക് വീടുവയ്ക്കുന്നതിനായി എന്തെങ്കിലും കർമ്മപരിപാടിയ്ക്ക് ഭവന നിർമ്മാണ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ബി | ഉണ്ട്. കേരളത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂഭവനരഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് സാഫല്യം ഭവനനിർമ്മാണ പദ്ധതി. കൂടാതെ നഗരപ്രദേശങ്ങളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് മിതമായ വാടകയ്ക്ക് പാർപ്പിട സൗകര്യം ഒരുക്കുന്ന ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതി പ്രകാരം പൂജപ്പുര രണ്ടാം ഘട്ടം തൃശ്ശൂർ കുട്ടനെല്ലൂർ I&II ഘട്ടം, കോഴിക്കോട് ഒന്നാംഘട്ടം എന്നിവിടങ്ങളിൽ 8 |

| | | | |
|---|---|---|---|
| | | | കോടി രൂപ അടങ്കൽ ചെലവിൽ 96 ഫ്ളാറ്റുകൾ നിർമ്മിച്ചുവരുന്നു. തുച്ഛ വരുമാന വിഭാഗക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന പ്രദേശങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ 1000 ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br>സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള രാജീവ് ആവാസ് യോജനയുടെയും മറ്റ് പുനരധിവാസ പദ്ധതികളുടെയും പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്ര ഭവനനിർമ്മാണ പുനരധിവാസ പദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. |
| സി | ഭവന നിർമ്മാണ വകുപ്പിനെ സ്വകാര്യവത്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | സി | ഇല്ല. |
| ഡി | ഭവന നിർമ്മാണ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ഡി | സർക്കാർ അംഗീകരിച്ച സംസ്ഥാന പാർപ്പിട നയപ്രകാരം വകുപ്പിന്റെയും, ഹൗസിംഗ് ബോർഡ്, നിർമ്മിതി കേന്ദ്രം എന്നിവയുടെയും വികസന പ്രവർത്തനങ്ങൾ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി, ഹൗസിംഗ് ഡവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ, ടെക്നോളജി ഇന്നവേഷൻ ഫണ്ട്, തുടങ്ങിയ വിവിധപദ്ധതികൾ ഭവന നിർമ്മാണ വകുപ്പിന്റെ വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതാണ്. |

| | | |
|---|---|---|
| ഇ | ഭവന നിർമ്മാണ വകുപ്പിനെ വിഭജിച്ച് ഭവനനിർമ്മാണ വിഭാഗമെന്നും (സാങ്കേതികം) ഭവന വായ്പാ വിഭാഗമെന്നുമാക്കി മാറ്റി ശാക്തീകരിച്ച് പഞ്ചായത്തുകളിൽക്കൂടി വായ്പ ലഭ്യമാക്കുകയും ആയതിന് ഭവനനിർമ്മാണ വകുപ്പ് സാങ്കേതിക സഹായവും നിർവ്വഹിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുമോ? | ഇ | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ